# സമസ്ത കേരള സുന്നി ബാലവേദി

(Under: **സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ**)

**സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം – 673 636. ഫോൺ: 9287274809, 0494 2400530, 2400749**

**website: www.sksbvstate.com, Email: sksbvstate@gmail.com**

---

*സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് മേഖലാ,ജില്ല,ജംഇയ്യത്തുൽ മുഅല്ലിമീൻ, സുന്നി ബാലവേദി ഭാരവാഹികൾ എന്നിവരെ അറിയിക്കുന്നത്.*

മാന്യരെ, **السلام عليكم**

ക്ഷേമവും ഐശ്വര്യവും നേരുന്നു. നാഥൻ അനുഗ്രഹിക്കട്ടെ. നമ്മുടെ കർമങ്ങൾ സ്വീകരിക്കട്ടെ-ആമീൻ

## *മുഹർറം സന്ദേശം*

(ഹിജ്റ 1444)മുസ്‌ലിം ലോകം ഒരു പുതുവർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു.ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും വിജയത്തിന്റെയും അതിജീവനത്തിന്റെയും സന്ദേശമാണ് മുഹർറം നമുക്ക് നൽകുന്നത്. നബി(സ)തങ്ങളുടെ ഹിജ്റയും മൂസാ നബി(അ)ന്റെ വിജയവും ഫിർഔനിന്റെ പതനവും തുടങ്ങി അനേകം ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുകയും ദൈവദൂതരിൽ നിരവധി പേർക്ക് ദിവ്യ സഹായം ലഭിക്കുകയും ചെയ്ത മാസമാണ് മുഹർറം.

റമളാനിന്ന് ശേഷം ഏറ്റവും ശ്രേഷ്ഠമായ നോമ്പുകളിൽപെട്ടതാണ് മുഹർറം 9,10(ആശൂറാ,താസൂആ)ദിവസങ്ങളിലെ നോമ്പ്.ആയതിനാൽ പ്രസ്തുത ദിവസങ്ങളിലെ നോമ്പിന്റെ പ്രാധാന്യത്തെക്കുറിച്ച് ഉസ്താദുമാർ കുട്ടികൾക്ക് അവബോധം നൽകുകയും നോമ്പ് നോൽക്കുവാനുള്ള നിർദ്ധേശം നൽകുകയും ചെയ്യുക.

## *എന്റെ ഇന്ത്യ*

ഈ വർഷം നമ്മുടെ രാജ്യം 76-ാമത് സ്വാതന്ത്ര്യദിനാഘോഷത്തിലാണല്ലോ.രാജ്യസ്നേഹം ഈമാനിന്റെ ഭാഗമാണെന്ന് പഠിപ്പിച്ച പരിശുദ്ധ മതമാണ് ഇസ്‌ലാം.ആയതിനാൽ പ്രസ്തുത ആഘോഷത്തിൽ പങ്ക് ചേരുന്നതിന്റെ ഭാഗമായി യൂണിറ്റ് തലങ്ങളിൽ സംഘടിപ്പിക്കേണ്ട പരിപാടികൾ താഴെ നൽകുന്നു.

**1.പതാക ഉയർത്തൽ**

**2.മധുര വിതരണം**

**3.പതാക നിർമ്മാണം**

യൂണിറ്റിലെ 1,2,3 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള മത്സരമാണ് പതാക നിർമ്മാണം.വിദ്യാർത്ഥികൾ അവരുടെ വീടുകളിൽ നിന്ന് പേപ്പറും സ്റ്റിക്കും ഉപയോഗിച്ച് കൊണ്ട് കൊടി രൂപേണ ഒരു മാതൃക ഉണ്ടാക്കുകയും അത് മദ്റസയിൽ കൊണ്ടുവരികയും,(കൊടി കളർ ചെയ്യരുത്) കൊണ്ടുവന്ന കൊടിയിൽ വിദ്യാർത്ഥികൾ ക്രയോൺസ് ഉപയോഗിച്ച് കൊണ്ട് കൃത്യമായ ദേശീയ പതാക വരച്ച് ചേർത്ത് ഭംഗി ആക്കുകയും അതിൽ നിന്ന് മികച്ചത് ഉസ്താദുമാർ കണ്ടെത്തുകയും ചെയ്യുക.സ്പോട്ട് മത്സരമായിരിക്കും.

## 4.ദേശീയ ഗാനാലാപന മത്സരം

യൂണിറ്റിലെ 4,5,6, ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് വേണ്ടിയാണ് ഈ മത്സരം സംഘടിപ്പിക്കേണ്ടത്.ദേശീയ ഗാനാലാപന മത്സരം സംഘടിപ്പിക്കുമ്പോൾ ഉസ്താദുമാർ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. സമയ ക്രമം (ദേശീയ ഗാനം 52 സെക്കൻഡ് ആണ്.)
2. സ്വര ഭംഗി
3. ഈണം
4. ലയം

## 5. കൊളാഷ് മേക്കിങ്

യൂണിറ്റിലെ 7,8,9 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് വേണ്ടിയാണ് ഈ മത്സരം സംഘടിപ്പിക്കേണ്ടത്.കൊളാഷ് മേക്കിങിന് ആവശ്യമായ ചാർട്ട്,ആവശ്യമായ സ്വാതന്ത്രദിന വാർത്താശകലങ്ങൾ,ചിത്രങ്ങൾ,മറ്റു കണ്ടന്റുകൾ ,പശ,കത്രിക മറ്റു കൊളാഷ് മേക്കിങിന് ആവശ്യമായ സാമഗ്രികൾ എല്ലാം വിദ്യാർത്ഥികൾ വീട്ടിൽ നിന്ന് കൊണ്ടുവരേണ്ടതാണ്.സ്വാതന്ത്രദിന ആശയത്തെ ഉൾപ്പെടുത്തുന്ന രീതിയിൽ ചിത്രങ്ങൾ ഒട്ടിക്കുകയും പൂർത്തിയുക്കുകയും ചെയ്യുക.കൊളാഷ് മേക്കിങ് സ്പോർട്ട് മത്സരമായിരിക്കും.

## സംസ്ഥാന കമ്മിറ്റിക്ക് വിവരങ്ങൾ കൈമാറൽ

താഴെതട്ടിൽ നടക്കുന്ന സംഘടനാ ചലനങ്ങൾ യഥാസമയം മേൽഘടകങ്ങളിലേക്ക് എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഇ-മെയിൽ: **sksbvstate@gmail.com**

എന്ന്

ചേളാരി

28-07-2022

ജന. സെക്രട്ടറി (ഒപ്പ്)

SKSBV സംസ്ഥാന കമ്മിറ്റി